بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 22.09.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: റോമാസാമ്രാജ്യത്തിന്റെ വിജയ പ്രവചനം

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

കുറച്ച് നാളുകൾക്ക് മുമ്പ് ബദ്ർ യുദ്ധത്തിലെ തിരുനബി(സ)യുമായി ബന്ധപ്പെട്ട സംഭവങ്ങൾ വിവരിക്കപ്പെട്ടിരുന്നു. ഇന്നും ബദ്ർ യുദ്ധവുമായി ബന്ധപ്പെട്ട, ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്നതും അവയെക്കുറിച്ച് അറിയേണ്ടത് അത്യാവശ്യവുമായ ചില കാര്യങ്ങളും സംഭവങ്ങളും വിവരിക്കുന്നതാണ്. മുൻ ഖുത്ബകളിൽ പറഞ്ഞത് പോലെ തിരുനബി(സ) ബദ്ർ മൈതാനത്ത് മൂന്ന് ദിവസം തങ്ങിയിരുന്നു. മൂന്നാം ദിവസം തിരുനബി(സ) സവാരി മൃഗങ്ങളെ തയ്യാറാക്കാൻ ആവശ്യപ്പെടുകയുണ്ടായി.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെയും ഹദ്റത്ത് സൈദ് ബിൻ ഹാരിസയെയും ബദ്ർ മൈതാനത്ത് നിന്ന് തന്നെ ബദ്ർ വിജയത്തിന്റെ സന്തോഷവാർത്ത അറിയിക്കാൻ മദീനയിലേക്ക് അയച്ചിരുന്നു. പിന്നെ തിരുനബി(സ) മദീനയിലേക്കുള്ള മടക്കയാത്ര ആരംഭിച്ചു.

ഈ വിജയ സംഘത്തിനൊപ്പം മക്കയിലെ ഖുറൈശികളിൽപെട്ട എഴുപത് യുദ്ധത്തടവുകാരും ഉണ്ടായിരുന്നു. ഇവരിൽ പെട്ട രണ്ടുപേരെ അവരുടെ ഗുരുതരമായ കുറ്റങ്ങൾ കാരണം അന്നത്തെ കാലത്തെ രീതിയനുസരിച്ച് യാത്രയിൽ തന്നെ വധിച്ചിരുന്നു. അതിൽ ഒരാൾ നസർ ബിൻ ഹാരിസും രണ്ടാമത്തെ വ്യക്തി ഉഖ്ബ ബിൻ അബീ മുഈത്തുമായിരുന്നു. എന്നാൽ ഈ കാര്യത്തിൽ എല്ലാ ചരിത്രകാരൻമാർക്കും യോജിപ്പ് ഇല്ല. അല്ലാമാ ഇബ്നു ഇസ്ഹാഖ് പറയുന്നു: നബി(സ) സഫ്റാ എന്ന സ്ഥലത്ത് എത്തിയപ്പോൾ നസർ ബിൻ ഹാരിസിനെ ഹദ്റത്ത് അലി(റ) വധിക്കുകയുണ്ടായി. നസർ ബിൻ ഹാരിസിന്റെ സഹോദരി ഖത്തീല ബിൻ ഹാരിസ് തന്റെ സഹോദരന്റെ മരണത്തിൽ കവിതകൾ ചൊല്ലുകയുണ്ടായി. നബി(സ)ക്കു ഈ ഈരടികളെ കുറിച്ച് അറിവ് ലഭിച്ചപ്പോൾ നബി(സ) വളരെയേറെ കരയുകയുണ്ടായി. തുടർന്ന് നബി(സ) പറഞ്ഞു: ഈ ഈരടികൾ നസർ ബിൻ ഹാരിസിന്റെ വധത്തിന് മുമ്പ് കേട്ടിരുന്നുവെങ്കിൽ ഞാൻ അയാൾക്ക് ഔദാര്യപൂർവ്വം മാപ്പ് കൊടുക്കുമായിരുന്നു. ചില ചരിത്രകാരൻമാർ നിവേദനങ്ങളെ നിരാകരിക്കുന്നു. ചിലയാളുകൾ സംഭവത്തെ തന്നെ നിരാകരിക്കുന്നുണ്ട്. ഏതായാലും അല്ലാഹുവിന് മാത്രമേ നിജസ്ഥിതി അറിയുകയുള്ളൂ.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീനിൽ ബദ്ർ യുദ്ധത്തിലെ ബന്ധികളിൽ വധിക്കപ്പെട്ട ഈ രണ്ടു പേരെ കുറിച്ചും പരാമർശിക്കുന്നത് ഇങ്ങനെയാണ്: ചില ചരിത്രകാരന്മാർ ബന്ദികളാക്കപ്പെട്ട നേതാക്കന്മാരിൽ ഉഖ്ബ ബിൻ അബീ മുഈത്തിന്റെ പേരും പറയുന്നുണ്ട്. അയാൾ പിന്നീട് നബി(സ)യുടെ കീഴിൽ ബന്ദിയായ അവസ്ഥയിൽ തന്നെ കൊല്ലപ്പെട്ടിരുന്നുവത്രെ. പക്ഷെ ഇത് ശരിയല്ല. ഹദീസിലും ചരിത്രത്തിലും വളരെ വ്യക്തമായ നിവേദനങ്ങളിൽ ഉഖ്ബ ബിൻ അബീ മുഈത്ത് യുദ്ധമൈതാനത്ത് തന്നെ കൊല്ലപ്പെട്ടിരുന്നുവെന്ന് പറയപ്പെടുന്നു. ഒരേ കുഴിയിൽ അടക്കപ്പെട്ട മക്കാ മൂപ്പൻമാരുടെ മൃതദേഹങ്ങളിൽ ഇയാളും ഉണ്ടായിരുന്നു. എന്നാൽ നസർ ബിൻ ഹാരിസ് ബന്ദിയായ അവസ്ഥയിൽ വധിക്കപ്പെട്ടു എന്ന് ഭൂരിഭാഗം നിവേദനങ്ങളിൽനിന്നും വ്യക്തമാണ്. അയാൾ കൊല്ലപ്പെടാനുള്ള കാരണമായി പറയുന്നത്, അയാൾ നിർദോഷികളായ മുസ്‌ലിംകളെ കൊല്ലുന്നതിൽ നേരിട്ട് ഉത്തരവാദിയായിരുന്നു. ഒരു കാര്യം ഉറപ്പാണ്, ഏതായിരുന്നാലും ബന്ദികളിൽ ആരെങ്കിലും കൊല്ലപ്പെട്ടിരുന്നുവെങ്കിൽ അത് നസ്ർ ബിൻ ഹാരിസ് മാത്രമായിരുന്നു. അത് പ്രതിക്രിയ എന്ന നിലയിലാണ് കൊല്ലപ്പെട്ടത്.

ബദ്ർ യുദ്ധത്തിൽ മുശ്രിക്കീങ്ങളുടെ വലിയ വലിയ നേതാക്കന്മാരടക്കം എഴുപത് കാഫിരീങ്ങൾ മുസ്‌ലിംകളുടെ കൈകളാൽ കൊല്ലപ്പെട്ടിരുന്നു. എഴുപത് പേരെ മുസ്‌ലിംകൾ ബന്ദികൾ ആക്കുകയും ചെയ്തു. സഹീഹ് ബുഖാരിയിലെ ഒരു നിവേദനത്തിൽ പറയുന്നു: ബദ്ർ ദിവസം നബി(സ)യും സഹാബാക്കളും മുശ്രിക്കീങ്ങളുടെ നൂറ്റിനാല്പത് പേർക്ക് നഷ്ടം വരുത്തുകയുണ്ടായി. അതായത് എഴുപത് പേർ ബന്ദികളാക്കപ്പെടുകയും എഴുപത് പേർ വധിക്കപ്പെടുകയും ചെയ്തു.

സഹാബത്ത് (നബി(സ)യുടെ കൽപന പ്രകാരം) ബദ്റിലെ ബന്ദികളോട് വളരെ നല്ല രീതിയിലാണ് പെരുമാറിയിരുന്നത്. ഈ ബന്ദികളിൽ ഇസ്‌ലാമിന്റെ അധ്യാപനത്തിലും സഹാബാക്കളുടെ ഉന്നത സ്വഭാവത്തിലും ആകൃഷ്ടരായി മുസ്‌ലിംകൾ ആകാൻ സൗഭാഗ്യം ലഭിച്ചവരും ഉണ്ട്. ഇവരിൽ ചിലരുടെ പേരുകൾ ഇപ്രകാരമാകുന്നു. അബ്ബാസ് ബിൻ അബ്ദുൽ മുത്തലിബ്, അക്കീൽ ബിൻ അബീ താലിബ്, നൗഫൽ ബിൻ ഹാരിസ്, അബുൽ ആസ് ബിൻ റബീഅ, അബൂ അസീസ്, ഖാലിദ് ബിൻ ഹിശാം മഖ്സൂമി, അബൂ വദാ സഹ്മി, അബ്ദുല്ലാഹ് ബിൻ ഉബയ്യ് ഇബ്നു ഖലഫ് ജംഹി, വഹബ് ബിൻ ഉമൈർ ജംഹി, സുഹൈൽ ബിൻ അംറ് ആമിരി (തുടങ്ങി) ഇവർ എല്ലാവരും ബദ്ർ ദിവസം തന്നെ തങ്ങളുടെ ഫിദിയ നൽകി ഇസ്‌ലാം സ്വീകരിച്ചവർ ആയിരുന്നു.

ബദ്ർ യുദ്ധവുമായി റോമൻ സാമ്രാജ്യത്തിന്റെ വിജയത്തിനും ഒരു ബന്ധമുണ്ട്. റോമൻ സാമ്രാജ്യത്തിന്റെ വിജയത്തെ കുറിച്ച് നബി(സ)യുടെ പ്രവചനം ഉണ്ടായിരുന്നു. ഇത് ഞാൻ പറഞ്ഞത്പോലെ ബദ്ർ യുദ്ധവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെ അതേക്കുറിച്ചുള്ള വിവരണവും ഉചിതമാണെന്ന് കരുതുന്നു. നുബുവ്വത്തിന്റെ അഞ്ചാം വർഷം സൂറഃ അർറൂം അവതരിച്ച് തുടങ്ങി. അതിൽ റോമൻ സാമ്രാജ്യത്തിന്റെ വിജയത്തെക്കുറിച്ച് പ്രവചനം ഉണ്ടായിരുന്നു. അല്ലാഹു സൂറഃ അർറൂമിലെ ആദ്യ വചനങ്ങൾ അവതരിപ്പിച്ചപ്പോൾ ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ) മക്കയുടെ പ്രാന്തപ്രദേശങ്ങളിൽ ഈ ആയത്തുകൾ പാരായണം ചെയ്തുകൊണ്ട് ഇങ്ങനെ വിളംബരപ്പെടുത്തി.

الٓمّٓ ﴿٢﴾ غُلِبَتِ الرُّوْمُ ﴿٣﴾ فِيْٓ اَدْنَى الْاَرْضِ وَهُمْ مِّنْۢ بَعْدِ غَلَبِهِمْ سَيَغْلِبُوْنَ ﴿٤﴾ فِيْ بِضْعِ سِنِيْنَ

ഞാൻ അല്ലാഹു ഏറ്റവും നല്ലപോലെ അറിയുന്നവനാകുന്നു. റോമാക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഏറ്റവും സമീപ പ്രദേശത്ത്‌വച്ച്. അവരുടെ പരാജയത്തിന്ശേഷം വീണ്ടും അവർ തീർച്ചയായും വിജയിക്കുന്നതാണ്. മൂന്നു മുതൽ ഒമ്പത് വർഷങ്ങൾക്കുള്ളിൽ.

റോമക്കാരും പേർഷ്യക്കാരും തമ്മിലാണ് യുദ്ധം നടന്നത്. മുസ്‌ലിംകൾ പേർഷ്യക്കാർക്കുമേൽ റോമക്കാരുടെ വിജയമാണ് ആഗ്രഹിച്ചത്. കാരണം അവർ അഹ്‌ലെ കിതാബ് അഥവാ ഗ്രന്ഥാനുസരികൾ ആയിരുന്നു. മക്കാനിഷേധികൾ വിഗ്രഹാരാധകരായ പേർഷ്യക്കാരുടെ വിജയമാണ് ആഗ്രഹിച്ചത്. വിജയത്തെ കുറിച്ച് ഹദ്റത് അബൂബക്കറും അബൂജഹലും തമ്മിൽ പന്തയം വെച്ചു, അപ്പോൾ നബി(സ) പറഞ്ഞു: ഇവിടെ بِضْع ബിള്ഇ എന്ന പദമാണ് ഉള്ളത്. ബിള്ഇ എന്നത്കൊണ്ട് ഏഴോ ഒൻപതോ വർഷം ആകാവുന്നതാണ്. അതുകൊണ്ട് കാലാവധി നീട്ടുക. പിന്നെ അങ്ങനെ തന്നെ ചെയ്യുകയുണ്ടായി. റോമാക്കാർ വിജയിക്കുകയും ചെയ്തു. ശിഅ്ബി പറയുന്നു: അന്ന് പന്തയം വെക്കുന്നത് അനുവദനീയമായിരുന്നു.

നബി(സ)ന്റെ പ്രവചനങ്ങളിൽ വളരെ വ്യക്തവും കണിശവുമായ ഒന്നാണ് റോമക്കാരുടെ വിജയത്തെക്കുറിച്ചുള്ള പ്രവചനം. അറേബ്യയയുടെ രണ്ടു ഭാഗത്തും റോമക്കാരുടെയും പേർഷ്യക്കാരുടെയും ഭരണകൂടങ്ങളാണ് ഉണ്ടായിരുന്നത്. നുബുവ്വത്തിന്റെ അഞ്ചാം വർഷം എ.ഡി. 614 ൽ ഈ രണ്ടു അയൽരാജ്യങ്ങളും തമ്മിൽ ഒരു രക്തരൂക്ഷിത യുദ്ധം ആരംഭിച്ചു. ആ സമയത്ത് റോമൻ സാമ്രാജ്യം ധൂളിയാക്കപ്പെട്ടു. യുദ്ധപരിണിതി പ്രതീക്ഷക്കെതിരായിരുന്നു. മക്കാനിഷേധികൾ മുസ്‌ലിംകളെ പരിഹസിച്ചുകൊണ്ട് പറഞ്ഞു: ഞങ്ങൾക്കെതിരിൽ നിങ്ങൾ വരികയാണെങ്കിൽ (ഞങ്ങളുടെ സഹോദരങ്ങൾ വിജയിച്ചതുപോലെ) ഞങ്ങളും വിജയിക്കുന്നതാണ്. അന്ന് റോമക്കാരുടെ അവസ്ഥ പരിതാപകരമായിരുന്നു ഖജനാവ് കാലിയായിരുന്നു, സൈന്യം ഛിന്നിച്ചിതറിയിരുന്നു, നാട്ടിൽ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. റോമൻ ചക്രവർത്തി ഹിർഖൽ ഒന്നിനും കൊള്ളാത്ത ഒരു രാജാവായി മാറിയിരുന്നു. സ്വർണവും വെള്ളിയും പരുത്തി വസ്ത്രങ്ങളും (കുതിരകളും) ആയിരം കന്യകമാരേയും ഇറാനികൾക്ക് നൽകണമെന്ന നിബന്ധന വെച്ചു. റോമക്കാർ ഈ നാണംകെട്ട നിബന്ധന അംഗീകരിക്കുംവിധം ദയനീയാവസ്ഥയിലായിരുന്നു. അഹങ്കാരിയായ ഇറാനി ചക്രവർത്തി ഖുസ്റു പറഞ്ഞു: എനിക്ക് വേണ്ടത് ഹിർഖലിനെ ചങ്ങലയിൽ ബന്ധിതനാക്കി എന്റെ സിഹാസനത്തിനു കീഴിൽ എത്തിക്കുകയാണ്.

റോമൻ ചക്രവർത്തി സൂര്യഭഗവാനു മുന്നിൽ തല കുനിക്കുന്നതുവരെ, (ക്രിസ്തുമതത്തിൽ നിന്ന് പശ്ചാത്തപിക്കാത്തിടത്തോളം) യാതൊരു സന്ധിക്കും ഞാൻ തയ്യാറല്ല.

ഗ്രന്ഥകാരൻ എഴുതുന്നു: അതേ സമയം യുദ്ധ മൈതാനത്തിൽ നിന്ന് വളരെ അകലെ ഒരു ഊഷരമായ മരുഭൂമിയുടെ ഗിരിശൃംഖത്തിൽ നിന്ന് സമാധാനത്തിന്റെ രാജകുമാരൻ അവതരിച്ചുകൊണ്ട് ലോകഗതിക്ക് തികച്ചും വ്യത്യസ്തമായി ഒരു പ്രവചനം നടത്തുന്നു. ഗ്രന്ഥകാരൻ പറയുന്നു: ഈ പ്രവചനം സാഹചര്യങ്ങൾ വെച്ച് നോക്കിയാൽ അസംഭവ്യവും അവിശ്വസനീയവുമായിരുന്നു. അതായത് അതൊരു വിദൂരസാദ്ധ്യതയായി മാത്രം തോന്നിയിരുന്നു. അതുകൊണ്ടാണ് അവിശ്വാസികൾ ഇത് പൂർത്തിയാകുകയാണെങ്കിൽ നൂറുക്കണക്കിന് ഒട്ടകങ്ങളെ സംബന്ധിച്ച് മുസ്‌ലിംകളുമായി പന്തയം വെച്ചത്. മുസ്‌ലിംകളും നിഷേധികളും സംഭവം എങ്ങനെയാണ് പുലരുക എന്ന കാര്യത്തിൽ തീവ്രമായ കാത്തിരിപ്പിലായിരുന്നു. അവസാനം ഏതാനും വർഷങ്ങൾക്കകം ലോകം പ്രതീക്ഷക്ക് വിപരീതമായി മാറിമറിഞ്ഞു.

റോമൻ സാമ്രാജ്യത്തിന്റെ ശോചനീയാവസ്ഥയുടെ ചരിത്രത്തിൽ സുപ്രസിദ്ധ ചരിത്രകാരൻ എഡ്വേർഡ് ഗിബ്ബൻ, ഹിർഖലിന്റെ അവസ്ഥയെ സംബന്ധിച്ച് എഴുതുന്നു: ചക്രവർത്തി തന്റെ ജീവിതത്തിന്റെ ആരംഭത്തിലും അവസാനത്തിലും ധൂർത്തിന്റേയും മനോരാജ്യത്തിന്റേയും അടിമയായിക്കഴിഞ്ഞിരുന്നു. പിന്നീട് ഹിർഖലിന്റെ സ്വഭാവത്തിലുണ്ടായ ത്വരിതഗതിയിലുള്ള വിപ്ലവത്തേയും സംഭവങ്ങളുടെ അടിസ്ഥാനത്തിലുണ്ടായ അത്ഭുതാവഹമായ മാറ്റങ്ങളേയും അതിന്റെ കാര്യകാരണങ്ങളേയും സംബന്ധിച്ചു റോമൻ ചരിത്രകാരന്മാർ കൗതുകകരമായ കാര്യങ്ങളാണ് പറയുന്നത്. ഗിബ്ബൻ തുടരുന്നു: പക്ഷേ അവർക്കെന്തറിയാം? ഈ രക്തരൂക്ഷിത യുദ്ധത്തിൽ നിന്ന് അകലെ ഒരു പ്രവാചക കരം റോമക്കാരുടെ സഹായത്തിനു വേണ്ടി നീളുന്നുണ്ടായിരുന്നു. അതുതന്നെയാണ് വിപ്ലവത്തിന്റേയും മാറ്റത്തിന്റേയും ഏറ്റവും വലിയ ആത്മീയപരമായ കാരണം.

മുസ്തദറക്ക്, ജാമിഅ് തിർമിദി എന്നിവയെ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. അതായത് റോമക്കാരും പേർഷ്യക്കാരും തമ്മിൽ യുദ്ധം ആരംഭിച്ചപ്പോൾ മുശ്‌രിക്കീങ്ങൾ ഇറാന്റെ പക്ഷത്തായിരുന്നു; കാരണം അവരും ബിംബാരാധകരായിരുന്നു. മുസ്‌ലിംകൾ റോമക്കാർക്ക് അനുകൂലമായിരുന്നു; കാരണം അവർ ഗ്രന്ഥാനുസാരികളായിരുന്നു. എ.ഡി 621 ൽ ഹിർഖൽ രണാങ്കണത്തിലെ സീസറായി മാറി. അറേബ്യയിലുള്ള നിരക്ഷരനായ പ്രവാചകന്റെ വാക്കുകൾ അക്ഷരംപ്രതി പൂർത്തിയായി.

ചില യുവാക്കളും യുവത്വത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികളും, ഇസ്‌ലാം സത്യമതമാണെന്നും നബി(സ) മാത്രമാണ് സത്യപ്രവാചകനെന്നും മറ്റുള്ളവർ അങ്ങനെയല്ലെന്നും നമുക്ക് എങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുക എന്ന് ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തുകളയക്കുന്നു. ഇവിടെയുള്ള അന്തരീക്ഷം അവരിൽ പ്രഭാവം ചെലുത്താനും ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിൽ അവർക്ക് സംശയങ്ങൾ ഉണ്ടാകാനും തുടങ്ങിയിരിക്കുന്നു. അവർ ഈ ചരിത്രത്തിൽ നിന്നും അന്യരുടെ വെളിപ്പെടുത്തലിൽ നിന്നും ഉറച്ച വിശ്വാസം ആർജിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് ഇത്തരം പ്രവചനങ്ങൾ കാണിച്ചുകൊടുത്തുകൊണ്ട് അതെങ്ങനെയാണ് ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന് തെളിവാകുന്നതെന്ന് പറഞ്ഞുകൊടുക്കുക. മാതാപിതാക്കളും കുട്ടികളും തങ്ങളുടെ അറിവ് വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. കേവലം ചോദ്യങ്ങൾ ഉന്നയിച്ചാൽ പോരാ. ചോദ്യങ്ങൾ ഉന്നയിക്കുന്നുവെങ്കിൽ സ്വന്തമായി അറിവ് കരസ്ഥമാക്കാനും ശ്രമിക്കുക. അതുപോലെ നമ്മുടെ സംഘടനകളും അവർക്ക് ഇതേ ക്കുറിച്ച് അറിവ് പകരാൻ ശ്രമിക്കേണ്ടതാണ്.

ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ തെളിയുന്നത്, എ.ഡി 609 ൽ തിരുനബി(സ) പ്രവാചകനായി നിയോഗിക്കപ്പെട്ടു. 610 ൽ റോമക്കാർക്കും പേർഷ്യക്കാർക്കുമിടയിൽ അസ്വാരസ്യങ്ങൾ തുടങ്ങി. 613 ൽ യുദ്ധ പ്രഖ്യാപനമുണ്ടായി. 614 ൽ റോമക്കാരുടെ പരാജയം തുടങ്ങി. 616 ൽ റോമൻ പരാജയം പൂർണമായി. 622 ൽ റോമക്കാർ വീണ്ടും ആക്രമണം ആരംഭിച്ചു. 623 മുതൽ അവരുടെ വിജയം തുടങ്ങി. 625 ൽ അവർക്ക് സമ്പൂർണ വിജയം ലഭ്യമായി. ഈ ക്രമമനുസരിച്ച് നോക്കിയാൽ പ്രസ്തുത പ്രവചനത്തിന്റെ പ്രത്യേകത എന്തെന്നാൽ റോമക്കാരുടെ പരാജയത്തിന്റെ ആരംഭം മുതൽ അവരുടെ വിജയത്തിന്റെ ആരംഭം വരെയുള്ള കാലഘട്ടം ഒമ്പത് വർഷമാണെന്ന് കാണാം. ഇനി പരാജയത്തിന്റെ അവസാനം മുതൽ വിജയാരംഭം വരെയുള്ള കാലഘട്ടമാണെങ്കിലും ഒമ്പത് വർഷം തന്നെയാണുള്ളത്. ഈ വിജയത്തിനുശേഷം ഹിർഖൽ പഴയ അലസനും ധൂർത്തനുമായ കൈസറായി തന്നെ മാറി.

ദൈവികകരങ്ങൾ ഈ പ്രവചനം പൂർത്തിയാക്കുന്നതിനുവേണ്ടി മാത്രം ഏതാനും വർഷത്തേക്ക് അയാളുടെ മനസ്സിനേയും ബുദ്ധിയേയും സഹായികളേയും സക്രിയമാക്കുകയും ചെയ്തുവെന്നാണ് മനസ്സിലാകുന്നത്. പ്രവചനശേഷം പഴയപടി അയാൾ ധൂർത്തിന്റേയും അലസതയുടെയും ശയ്യയിലേക്ക് വഴുതി വീണു.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: നബി തിരുമേനി[സ]യുടെ കാലത്ത് ഇറാനികൾ ബഹുദൈവാരാധകർ ആയിരുന്നു. റോമൻ ചക്രവർത്തി ഖൈസർ ക്രിസ്ത്യാനിയും ഏകദൈവാരാധകനുമായിരുന്നു. ഈസാനബിയെ ദൈവപുത്രനാണെന്ന് വിശ്വസിച്ചിരുന്നില്ല. (മുസ്ലിംകൾ അദ്ദേഹത്തെ കാണാൻ പോയി ഈസാനബിയെ സംബന്ധിച്ച വിശുദ്ധ ഖുർആനിലെ പരാമർശം കേൾപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ വീക്ഷണത്തിലും ഖുർആൻ പറഞ്ഞതിനുപരിയായി മസീഹിന് സ്ഥാനമൊന്നുമില്ല.) അപ്പോൾ ആ ആയത്തുകൾ അവതരിച്ചു.

പറയുന്നു: ചിന്തിച്ചു നോക്കുക, ഇത് എത്ര മാത്രം അത്ഭുതാവഹവും പ്രൗഢവുമായ പ്രവചനമാണ്! ഈ പ്രവചനം ചെയ്യുന്ന സമയത്ത് മുസ്ലിംകളുടെ ദുർബലവും നിസ്സഹയവുമായ സാഹചര്യം അവരെ അപകടത്തിലാക്കിയിരുന്നു. അത്തരം അവസ്ഥയിൽ എതിരാളികൾ, ഇവർ വളരെ വേഗം നാമവശേഷമാകുമെന്ന് പറയുകയും അതിനുള്ള കാലം നിർണയിക്കുകയും ചെയ്തിരുന്നു. അപ്പോൾ يَوْمَئِذٍ يَفْرَحُ الْمُؤْمِنُونَ എന്ന് പറഞ്ഞുകൊണ്ട് ഇരട്ട പ്രവചനമാണ് നടത്തിയത്. അതായത് റോമക്കാർ പേർഷ്യക്കാർക്കു മേൽ വിജയം വരിക്കുന്ന അതേ ദിവസം മുസ്ലിംകളും വിജയശ്രീലാളിതരാകുന്നതാണ്. അങ്ങനെ അത് ബദ്ർ ദിവസം പൂർത്തിയായി. ഒരു ഭാഗത്ത് റോമക്കാരും മറുഭാഗത്ത് മുസ്ലിംകളും വിജയം വരിച്ചു.

തിരുനബി[സ]മായി ബന്ധപ്പെട്ട ഈ സംഭവങ്ങളുടെ പരമ്പര തുടരുന്നതാണ്. ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ജനാബ് ഫറാസ് അലി അബ്ദുൽ വാഹിദ് സാഹിബിന്റെ മരണത്തിൽ അദ്ദേഹത്തെ അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** [atba]

at Masjid Mubarak, Islamabad, Tilford, UK – on 22.09.2023

Malayalam Translation: **Moulavi H Shamsuddin Kavassery** For Malayalam Desk, Qadian.

Typing: Moulavi P.M Waseem Ahmad Chelakkara, Layout: Moulavi T Jamshad Mukkam

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516